

>> കവർസ്റ്റോറി

# മൂല്യങ്ങളേ മാറിനിൽക്കൂ വാടക മാതൃത്വം മുന്നോട്ട്

എം. സാജിദ്

**അമ്മമാരെയും** ഗർഭപാത്രങ്ങളും വാടകക്ക് കിട്ടുമെന്നും ആ കച്ചവടം ഇന്ത്യയിലാണ് തകൃതിയായി നടക്കുന്നതെന്നുമുള്ള വാർത്ത ഞെട്ടലോടെയാണ് നാം വായിച്ചത്. കമ്പോളവത്കരണത്തിന്റെ മലവെള്ളപ്പാച്ചിലിൽ ലോകം ഏതറ്റം വരെയും പോകുമെന്നതിനുള്ള അവസാനത്തെ തെളിവാണിത്. മാതൃത്വം എന്ന മൂല്യവും വികാരവും കച്ചവടങ്ങൾക്ക് മീതെയാണെന്ന് വിചാരിക്കുന്നവർ ഇനി പഴഞ്ചന്മാരാണ്. ഗർഭത്തിന്റെയും പ്രസവത്തിന്റെയും അല്ലലുകളറിയാത്ത ഒരു മാതൃത്വം കരസ്ഥമാക്കാൻ കാശ് കൊടുക്കാനും അത് കീശയിലിട്ട് അന്യന്റെ കുഞ്ഞിനെ നൊന്തുപെറ്റ് തിരിച്ചുകൊടുക്കാനും 'മാതൃഹൃദയ'മുള്ളവർ തന്നെ പാകപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഒരു കുഞ്ഞിനെ ഗർഭം ചുമന്ന് പ്രസവിച്ച് ശേഷം തിരിച്ചുകൊടുക്കുന്നവരെയാണ് 'താൽക്കാലിക മാതാക്കൾ' (surrogate mothers) എന്ന് (ഭംഗിപ്പെടുത്തി) വിളിക്കുന്നത്. ചിലപ്പോൾ മറ്റേതോ ഒരു പുരുഷന്/ദമ്പതികൾക്ക് വേണ്ടി സ്വന്തം അണ്ഡം നൽകിയായിരിക്കും ഈ വാടകമാതാവ് ഗർഭം ധരിക്കുന്നത്. കൃത്രിമ ബീജസങ്കലനത്തിലൂടെയാണ് ഇത്തരം ഗർഭധാരണം നടത്തുന്നത്. മറ്റു ചിലപ്പോൾ ഏതെങ്കിലും ദമ്പതിമാരുടെ അണ്ഡ-ബീജങ്ങളിൽ നിന്ന് രൂപപ്പെട്ട ഒരു ഭ്രൂണത്തെ സ്വന്തം ഗർഭാശയത്തിലേക്ക് സ്വീകരിച്ചും വാടകമാതാക്കൾ ഗർഭം ചുമക്കാറുണ്ട്. ആധുനികോത്തര കാലത്ത് സാംസ്കാരികവും നിയമപരവുമായ അസ്തിത്വം ലഭിച്ച സ്വവർഗ ദമ്പതിമാരും മക്കളെ പോറ്റാൻ വാടകക്ക് ഗർഭപാത്രം സ്വീകരിക്കൽ തന്നെയാണ് പതിവ്. ഇത്തരക്കാർക്ക് അണ്ഡവും ബീജവും വിൽക്കാൻ നടക്കുന്ന ആളുകൾ വേറെയുമുണ്ട്. ഗർഭം ചുമക്കാനും പ്രസവിക്കാനുമുള്ള ചെലവ് മാത്രം നൽകിയാൽ കുഞ്ഞുങ്ങളെ പെറ്റുനൽകുന്ന 'മനുഷ്യത്വ'മുള്ള അമ്മമാരും ഇക്കൂട്ടത്തിലുണ്ട്.

എന്നാൽ ഭൂരിഭാഗം വാടകമാതാക്കളും ഇടപാടിനു മുമ്പെ പണം പറഞ്ഞുറപ്പിച്ച് കരാർ ഒപ്പിട്ട് മാത്രം കച്ചവടം നടത്തുന്നവരാണ്.

‘നൊന്തുപെറ്റവളാണ് അമ്മ’ എന്നത് പണ്ടുമുതലേ നാം പറഞ്ഞുശീലിച്ചതാണ്. ആ പറച്ചിലിന് വിരുദ്ധമാണ് വാടകമാതാക്കളുടെ ഗർഭവും പ്രസവവും. പ്രസവം കഴിഞ്ഞ് ഒരു മാസം കുഞ്ഞിനെ പരിരക്ഷിച്ച് ‘ഉടമ’കൾക്ക് തിരിച്ചുകൊടുത്തേക്കണം. അതിനപ്പുറം വൈകാരിക ബന്ധങ്ങളൊന്നും കുഞ്ഞുമായി ഉണ്ടാകരുത്. ഉണ്ടായിട്ടും കാര്യമൊന്നുമില്ല. അണ്ഡത്തിന്റെയും ബീജത്തിന്റെയും ഉടമസ്ഥർ സമയമായാൽ കുഞ്ഞിനെയുമെടുത്ത് പോകും. ഇങ്ങനെയൊക്കെയാണെങ്കിലും കയറ് പൊട്ടിക്കുന്നവർ ഉണ്ടാകാതിരിക്കില്ലല്ലോ. 1986-ൽ അമേരിക്കയിൽ പ്രമാദമായ ഒരു സംഭവമുണ്ടായി. ബേബി. എം കേസ് എന്നാണ് അതറിയപ്പെടുന്നത്. മെലീസ സ്റ്റേൺ എന്ന കുട്ടിയെ, പ്രസവിച്ച വാടകമാതാവ് കരാറൊപ്പിട്ട ദമ്പതിമാർക്ക് വിട്ടുകൊടുക്കാൻ വിസമ്മതിച്ചു. പിന്നീട് ന്യൂ ജഴ്സിയിലെ കോടതിയിൽ പ്രശ്നമെത്തിയപ്പോൾ കുഞ്ഞിന്റെ ‘പിതാവാ’യ വില്യംസ്റ്റേണിനും ഭാര്യ എലിസബത്ത് സ്റ്റേണിനും അനുകൂലമായാണ് വിധിയുണ്ടായത്. കരാറനുസരിച്ച പണം വാടകമാതാവിനും കിട്ടി. പേറ്റുനോവിനെക്കുറിച്ച് കരാറിൽ പരാമർശമില്ലാത്തതുകൊണ്ടാവാം കോടതി വ്യവഹാരത്തിൽ നിന്ന് അത് പുറത്തായി.

## ചരിത്രം

പഴയനിയമത്തോളം പഴക്കമുള്ളതാണ് വാടകമാതൃത്വം എന്നാണ് പടിഞ്ഞാറൻ കമ്പനികൾ അവകാശപ്പെടുന്നത്. അബ്രഹാമിന്റെ ഭാര്യ സാറക്കുവേണ്ടി ഹാഗർ എന്ന അടിമപ്പെണ്ണ് ഇശ്മയേലിനെ പ്രസവിച്ചതാണത്രെ ലോകത്തിലെ ആദ്യത്തെ വാടകമാതൃത്വം!

അമേരിക്കയിലെ നിയമജ്ഞനായ നോയൽ കീനും ഡോക്ടറായ വാറൻ ജെ. റിൻഗോൾഡും ചേർന്ന് 1981-ലാണ് ആധുനികകാലത്ത് വാടകമാതൃത്വം എന്ന ആശയം ആദ്യമായി പ്രയോഗവത്കരിച്ചത്. അക്കാലത്ത് മതനേതാക്കളുടെയും മാധ്യമങ്ങളുടെയും ശക്തമായ എതിർപ്പുകളെ നേരിട്ടാണ് രണ്ടുപേരും ചേർന്ന് ഡോക്ടറുടെ ക്ലിനിക്കിൽ പുതിയ പരീക്ഷണം ആരംഭിച്ചത്.

പിന്നീട് പല യൂറോപ്യൻ രാജ്യങ്ങളിലും ഇതു സംബന്ധിച്ച നിയമനിർമാണങ്ങൾ നടന്നു. അമേരിക്കയിലെ കാലിഫോർണിയ, ഒറീഗൺ, ടെക്സാസ്, അർകൻസാസ് എന്നീ സ്റ്റേറ്റുകളിൽ വാടകമാതൃത്വത്തിന് നിയമപ്രാബല്യമുണ്ട്. മറ്റു നാലു സ്റ്റേറ്റുകളിൽ നിർബന്ധം ചെലുത്തരുതെന്ന നിബന്ധനയോടെയാണ് അനുവാദം. വാഷിംഗ്ടൺ, മിച്ചിഗൺ, ഉട്ട, അരിസോണ, ന്യൂമെക്സിക്കോ, ന്യൂയോർക്ക് എന്നീ സ്റ്റേറ്റുകളിൽ പണം വാങ്ങി മാതൃത്വം വാടകക്ക് നൽകുന്നത് നിയമവിരുദ്ധമാണ്. അമേരിക്കയിലെ പട്ടാളക്കാരുടെ ഭാര്യമാരാണത്രെ ഗർഭപാത്രം വാടകക്ക് കൊടുക്കുന്നതിൽ മുൻപന്തിയിൽ!

**ഗർഭാശയം കേവലമായൊരു കച്ചവടവസ്തുവല്ല. കുടുംബബന്ധത്തെ ഗർഭാശയത്തോടാണ് ഇസ്‌ലാം ചേർത്തുനിർത്തുന്നത്. ‘വാടകമാതൃത്വം’ ഒരു അവിവാഹിതക്ക് പോലും തന്റെ ഗർഭാശയം വിൽക്കുന്നതിന് പ്രേരണ നൽകുന്നു. മഹത്തായ ഒരു മൂല്യത്തിന്റെ അപമാനവീകരണമാണ് ഇവിടെ നടക്കുന്നത്. വിവാഹം, കുടുംബം എന്നീ മൗലികസ്ഥാപനങ്ങളെ തകർത്തെറിയാനും അത് കാരണമാവുന്നു.**

ന്യൂസിലാന്റിലും ഫ്രാൻസിലും പണം വാങ്ങാതെയുള്ള ഏർപ്പാട് മാത്രം നിയമവിധേയമാണ്. ഇസ്രയേൽ 1996-ലാണ് പ്രത്യേകനിയമം പാസ്സാക്കി വാടകമാതൃത്വം ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കിയത്. ഇസ്രയേലീ പൗരന്മാരും ഒരേ മതക്കാരുമായവർ തമ്മിൽ നടക്കുന്ന ഇടപാടുകൾ സർക്കാർ സമിതി പരിശോധിച്ചശേഷം നിയമവിധേയമാക്കും.

2002 മുതൽ ഇന്ത്യയിൽ ഗർഭപാത്ര-മാതൃത്വ വിൽപനക്ക് യാതൊരു നിയമതടസ്സവുമില്ല. എന്നല്ല, ഇന്ന് ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ വാടകമാതാക്കളുള്ള രാജ്യം ഇന്ത്യയാണ്. കുറഞ്ഞ ചെലവിൽ സംഗതി നടക്കുമെന്ന ആകർഷണീയത ഉള്ളതിനാൽ വാടകമാതാക്കളെ തേടി വിദേശികൾ ധാരാളമായി ഇന്ത്യയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. സോഫ്റ്റ്‌വെയർ വിപ്ലവം പൊടിപാറ്റുന്ന ബാംഗ്ലൂർ പോലുള്ള നഗരങ്ങളിലെ ഐ.ടി ദമ്പതിമാരും വാടക്ക് ഗർഭപാത്രം തേടുന്ന കൂട്ടത്തിലാണ്. ബഹുരാഷ്ട്ര കമ്പനികളുടെ കടുത്ത നിയന്ത്രണങ്ങളുള്ള കമ്പനികളിൽ വെവ്വേറെ ഷിഫ്റ്റുകളിൽ ജോലിചെയ്യുന്ന ദമ്പതിമാർക്ക് ഗർഭം ധരിക്കാനും പ്രസവിക്കാനുമൊക്കെ എവിടെ സമയം? വാടകമാതാക്കളെ തേടിയുള്ള പരസ്യങ്ങൾ മലയാള പത്രങ്ങളിൽ പോലും വന്നുകഴിഞ്ഞിരിക്കുന്നു.

## ന്യായീകരണങ്ങൾ

അണ്ഡോൽപാദനം നടക്കാതിരിക്കുക, അണ്ഡാശയങ്ങളെ ഗർഭപാത്രവുമായി ബന്ധിപ്പിക്കുന്ന ഫലോപിയൻ കുഴലുകളിലെ തടസ്സം, മറ്റു കാരണങ്ങളാൽ നിരന്തരമായ ഗർഭം അലസിപ്പോകുന്ന അവസ്ഥ, ഗർഭാശയം നീക്കംചെയ്യുക തുടങ്ങിയ പ്രശ്നങ്ങളാൽ മാതൃത്വം നിഷേധിക്കപ്പെടുന്നവർക്ക് പ്രശ്നപരിഹാരത്തിന്റെ സന്തോഷവാർത്തയായിട്ടാണ് വാടകമാതൃത്വം അവതരിപ്പിക്കപ്പെടുന്നത്. ആൺ-പെൺ സ്വവർഗാനുരാഗികൾ ഒന്നിച്ചുജീവിക്കുകയും മക്കളെ പോറ്റാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോഴും പരിഹാരം ഇതുതന്നെയാണ്. പുരുഷദമ്പതിമാർക്ക് അണ്ഡങ്ങളും സ്ത്രീദമ്പതിമാർക്ക് ബീജങ്ങളും നൽകാൻ സ്വാഭാവികമായും അണ്ഡ-ബീജദാതാക്കളും ബാങ്കുകളും വേണ്ടിവരും. ദാമ്പത്യത്തിൽ താൽപര്യമില്ലാതെ ഒറ്റക്കു ജീവിക്കുന്നവർക്ക് മക്കളെ വേണമെന്നു തോന്നിയാലും ഈ വഴി തന്നെയാണ് തേടാനുള്ളത്. തിരക്കുപിടിച്ച ജീവിതം നയിക്കുന്ന ദമ്പതിമാർ ഗർഭധാരണം, പ്രസവം, പ്രസവവേദന, പ്രസവാനന്തരശുശ്രൂഷ തുടങ്ങിയ പൊല്ലാപ്പുകളില്ലാതെ കുട്ടികളെ വേണമെന്നാശിക്കുമ്പോൾ ഇത്രയും സൗകര്യങ്ങളുള്ള കാലത്ത് എന്തിനത് ഉപയോഗപ്പെടുത്താതിരിക്കണം? ചുരുക്കത്തിൽ ഒരു രസത്തിന് കുട്ടികൾ വേണമെന്ന് തോന്നുന്നവർ മുതൽ ഗർഭധാരണ ശേഷി ഇല്ലാത്തവർക്ക് വരെ മക്കളെ കിട്ടുന്ന ഒറ്റമൂലിയാണ് വാടകമാതൃത്വം.

## പ്രത്യേക ക്ലിനിക്കുകൾ

വാടകമാതൃത്വം നിയമവിധേയമായ നാടുകളിൽ ഇതുസംബന്ധിച്ച എല്ലാ സേവനങ്ങളും നൽകുന്ന ഏകജാലക കേന്ദ്രങ്ങളുണ്ട്. വാടകമാതാക്കളെ കണ്ടെത്തൽ, അണ്ഡ-ബീജ ദാതാക്കളെ ഒരുക്കിക്കൊടുക്കൽ, കൃത്രിമ ബീജസങ്കലനം, വൈദ്യസഹായങ്ങൾ, കൗൺസിലിംഗ്, നിയമപ്രശ്നങ്ങൾ പരിഹരിക്കൽ തുടങ്ങി എല്ലാ കാര്യങ്ങളും ഈ കേന്ദ്രങ്ങൾ ചെ

യ്തുതരും. ഇത്തരം ഒരു കേന്ദ്രമാണ് അമേരിക്കയിലെ ടെക്സാസിലെ സെന്റർ ഫോർ സറോഗേറ്റ് പാരന്റിംഗ് (CSP). 1996-ൽ പ്രവർത്തനം തുടങ്ങിയ കേന്ദ്രത്തിൽ ഇപ്പോൾ പ്രതിവർഷം നൂറിലധികം ദമ്പതിമാർക്ക് കുട്ടികളെ ലഭിക്കുന്നുവെന്നാണ് അധികൃതർ പറയുന്നത്. ഫീസ് നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അണ്ഡങ്ങൾ ലഭിക്കുന്നതിന് 85 ഡോളറിന്റെ അപേക്ഷ നൽകണം. 3,500 ഡോളറാണ് സെന്റർ ഫീസ്. വണ്ടിക്കൂലിക്കു പുറമെ ദാതാവിന് 5,000 ഡോളർ കൊടുക്കണം. അപകട ഇൻഷൂറൻസ് വകയിൽ 400 ഡോളർ. എല്ലാം ചേർത്ത് 7,500 മുതൽ 10,900 ഡോളർ വരെ ചെലവ് വന്നേക്കാം. മെഡിക്കൽ ഫീസുകളും മറ്റു ചെലവുകളും ഇതിനുപുറമെയാണ്. ഗർഭപാത്രം വാടകക്ക് കിട്ടണമെങ്കിൽ നടപടിക്രമങ്ങളും ഫീസും കുത്തനെകൂടും. CSP യിലൂടെ തൃപ്തരായ ചില പ്രശസ്തരുടെയും ദമ്പതിമാരുടെയും അനുഭവകഥകളും ക്ലിനിക്കിന്റെ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്. അമേരിക്കയിലെ പ്രശസ്ത ടി.വി താരം ദെയ്ദ്ർ ഹാളിന്റെ അനുഭവമാണ് അതിലൊന്ന്. 44 കാരിയായ അവർക്ക് ഗർഭാശയ സംബന്ധമായ കാരണങ്ങളാൽ മാതാവാകാനായില്ല. ഇതിനാൽ മാത്രം രണ്ടുതവണ വിവാഹമോചനം നേടി. പിന്നീട് ഒരു വാടക അമ്മയെ കണ്ടെത്തി തന്റെ പുതിയ ഭർത്താവിന്റെ ബീജം അവരുടെ അണ്ഡവുമായി സംയോജിപ്പിച്ച് ഗർഭധാരണം നടത്തി. ഇപ്പോൾ ഇരട്ടക്കുഞ്ഞുങ്ങളുടെ അമ്മയായതിൽ നടി ഏറെ സന്തുഷ്ടയാണ്. ഗർഭം ചുമന്ന് പ്രസവിച്ച അമ്മയെ മക്കളുമായി അകറ്റിനിർത്തുകയില്ല എന്നും അവർ പറയുന്നു. ഒരു വാടകമാതാവിന്റെ അണ്ഡം കൊണ്ട് കുഞ്ഞിനെ കിട്ടിയ സ്വവർഗഭോഗികളായ പുരുഷദമ്പതിമാരുടെ അനുഭവവും അതുപോലെ ചേർത്തിരിക്കുന്നു. 2002-ൽ വാടകമാതൃത്വത്തിന് നിയമപ്രാബല്യം ലഭിച്ച ഇന്ത്യയിൽ ഇതുസംബന്ധിച്ച യാതൊരു വിധ നിയന്ത്രണങ്ങളുമില്ലാത്തതിനാൽ ക്ലിനിക്കുകൾ കൂണ് കണക്കെയാണ് പൊങ്ങിക്കൊണ്ടിരിക്കുന്നത്.

## ധാർമികപ്രശ്നങ്ങൾ

മൂല്യസങ്കൽപങ്ങളില്ലാതെ ജൈവസാങ്കേതികവിദ്യ പുരോഗതി പ്രാപിക്കുമ്പോൾ ഒട്ടനവധി ധാർമിക പ്രതിസന്ധികൾ ഉയർന്നുവരികയാണ്. വാടകമാതൃത്വം ഇത്തരത്തിൽ അനവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

**ഗർഭം ചുമക്കുകയും പ്രസവിക്കുകയും ചെയ്യാത്ത ഒരുവൾക്ക് അണ്ഡം തന്റേതാണെന്ന കാരണത്താൽ മാത്രം (ചിലപ്പോൾ അതും മറ്റൊരുത്തിയുടേത്) കുഞ്ഞുമായി വൈകാരിക ബന്ധം പുലർത്താനാവുമോ? കുഞ്ഞിന്റെ മാനസികവും വൈകാരികവുമായ ആരോഗ്യത്തെ അതെങ്ങനെ ബാധിക്കും? വിശേഷിച്ചും നൊന്തുപെറ്റവൾ ജീവിച്ചിരിക്കുകയും അവളെ കുഞ്ഞ് തിരിച്ചറിയുകയും ചെയ്യുമ്പോൾ. രക്തബന്ധങ്ങളിലെ ഇത്തരം ആശയക്കുഴപ്പങ്ങളെ എങ്ങനെയാണ് മറികടക്കുക?**

ആരാണ് കുഞ്ഞിന്റെ യഥാർഥ മാതാവ്? പ്രസവിക്കുന്നവളോ അണ്ഡത്തിന്റെ ഉടമയോ? ഒരു വസ്തു കുറച്ചുകാലം ഗോഡൗണിൽ സൂക്ഷിക്കുന്നതുപോലെയല്ലല്ലോ ഒമ്പതുമാസം ഒരു ഭ്രൂണത്തെ ഗർഭം ചുമക്കുന്നതും പ്രസവിക്കുന്നതും. കരാറനുസരിച്ച് കുഞ്ഞിനെ തിരിച്ചുകൊടുത്താൽ പ്രസവിച്ച മാതാവിന് കുഞ്ഞിനുമേലുള്ള അധികാരങ്ങൾ തീരുമോ?

ഗർഭം ചുമക്കുകയും പ്രസവിക്കുകയും ചെയ്യാത്ത ഒരുവൾക്ക് അണ്ഡം തന്റേതാണെന്ന കാരണത്താൽ മാത്രം (ചിലപ്പോൾ അതും മറ്റൊരുത്തിയുടേത്) കുഞ്ഞുമായി വൈകാരിക ബന്ധം പുലർത്താനാവുമോ? കുഞ്ഞിന്റെ മാനസികവും വൈകാരികവുമായ ആരോഗ്യത്തെ അതെങ്ങനെ ബാധിക്കും? വിശേഷിച്ചും നൊന്തുപെറ്റവൾ ജീവിച്ചിരിക്കുകയും അവളെ കുഞ്ഞ് തിരിച്ചറിയുകയും ചെയ്യുമ്പോൾ. രക്തബന്ധങ്ങളിലെ ഇത്തരം ആശയക്കുഴപ്പങ്ങളെ എങ്ങനെയാണ് മറികടക്കുക?

ഇവിടെ വാടകമാതാവും 'ഉടമ'കളും തമ്മിൽ നടത്തുന്ന കരാർ ഒരു മനുഷ്യജീവന്റെ വിലയെക്കുറിച്ചാണ്. മനുഷ്യജീവന് ഇങ്ങനെ വില നിശ്ചയിക്കാമോ? സ്വവർഗഭോഗികൾ മക്കളെ വളർത്തുമ്പോൾ മാതൃത്വം/പിതൃത്വം എന്ന കുഞ്ഞിന്റെ അവകാശം നിഷേധിക്കപ്പെടുകയില്ലേ? വിവാഹം കഴിക്കാത്ത സ്ത്രീയോ പുരുഷനോ കുഞ്ഞിനെ വളർത്തുമ്പോഴും ഇതേപ്രശ്നം ഉൽഭവിക്കുന്നുണ്ട്. കൃത്യമായ പഠനങ്ങളും അതിനനുസരിച്ച നിയന്ത്രണങ്ങളുമില്ലെങ്കിൽ മനുഷ്യകുലത്തിന്റെ നിലനിൽപ് പോലും അവതാളത്തിലാക്കാൻ പോന്നതാണ് ഇത്തരം പുതുപരീക്ഷണങ്ങൾ.

## ഇസ്‌ലാമിക കാഴ്ചപ്പാട്

വാടകമാതൃത്വവുമായി ബന്ധപ്പെട്ട് ഇസ്‌ലാമിക പണ്ഡിതന്മാർ ഇതിനകം തന്നെ ധാരാളം ചർച്ചകൾ നടത്തികഴിഞ്ഞിട്ടുണ്ട്. പണ്ഡിതന്മാർക്കിടയിൽ പൊതുവിൽ സമാനത കാണുന്ന ഇക്കാര്യത്തിലെ ഇസ്‌ലാമിക നിലപാടുകളെ ഇങ്ങനെ സംഗ്രഹിക്കാം:

ഇസ്‌ലാമിൽ വിവാഹം മഹിതമായൊരു കർമമാണ്. ഒരാണും പെണ്ണും തമ്മിൽ നടക്കുന്ന കേവലം ശാരീരികമോ സാമ്പത്തികമോ ആയ ഒത്തുതീർപ്പ് എന്നതിനേക്കാൾ വിശുദ്ധമായ ഒരു കരാറാണത്. പരസ്പരം പങ്കുവെച്ചും ആനന്ദിച്ചും ബന്ധങ്ങൾ ചേർത്തിയും ജീവിക്കാനുള്ള ഒരു ദൈവികസമ്മാനം. 'നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്നു തന്നെ സഹധർമിണികളെ ഉണ്ടാക്കിത്തന്നവൻ അല്ലാഹു തന്നെയാകുന്നു. ആ സഹധർമിണികളിലൂടെ നിങ്ങൾക്ക് പുത്ര-പൗത്രന്മാരെ പ്രദാനം ചെയ്തതും ഉത്തമഭോജ്യങ്ങൾ നൽകിയതും അവൻതന്നെ. എന്നിട്ടും ഈ ജനം മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ ഔദാര്യങ്ങളെ നിഷേധിക്കുകയും ചെയ്യുന്നുവോ?' (*അന്നഹ്ൽ* 72). 'അവൻ നിങ്ങൾക്ക് സ്വജാതിയിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തി നുകരാൻ-നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്ന ജനത്തിന് ഇതിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്' (*അർറൂം* 21). വിവാഹം പ്രവാചകചര്യയിൽ പെട്ടതാണ്. ദീനിന്റെ ഒരുഭാഗം ദൈവഭയമാണെങ്കിൽ മറുഭാഗം വിവാഹമാണെന്നും പ്രവാചകൻ വിശദീകരിച്ചു. അതിനാൽ ഏതെങ്കിലും നൂതന സാങ്കേതികവിദ്യയിലൂടെ വിവാഹമെന്ന സാമൂഹിക പ്രക്രിയക്ക് ഭംഗം വരുന്നത് ഇസ്‌ലാമിക നിയമത്തിനു വിരുദ്ധമാണ്.

വാടകമാതൃത്വം താഴെപറയുന്ന കാരണങ്ങളാൽ ഇസ്‌ലാമികവിരുദ്ധമാണ്.

1. മനുഷ്യവംശത്തിന്റെ നിലനിൽപിന് അല്ലാഹു ഏർപ്പെടുത്തിയ മാർഗങ്ങ

ളെ അത് അട്ടിമറിക്കുന്നു.

2. ഒരു പുരുഷന്റെ ബീജം അയാളുടെ ഭാര്യയല്ലാത്ത മറ്റൊരു സ്ത്രീയുടെ ഗർഭാശയത്തിൽ നിക്ഷേപിക്കുന്നത് വ്യഭിചാരത്തിന് തുല്യവും അല്ലാഹുവിന്റെ പരിധികളെ ലംഘിക്കലുമാണ്. '(സത്യവിശ്വാസികൾ) തങ്ങളുടെ ഗുഹ്യതകൾ സൂക്ഷിക്കുന്നവരാകുന്നു - അവരുടെ ഭാര്യമാരിലും ഉടമസ്ഥതയിലുള്ള സ്ത്രീകളിലും ഒഴിച്ച്...... എന്നാൽ വല്ലവരും അതിനപ്പുറം കാംക്ഷിച്ചാൽ അവർ അതിക്രമകാരികൾ തന്നെയാകുന്നു' (*അൽ മുഅ്മിനൂൻ* 5-7).

3. വാടകമാതാവും 'ഉടമ'കളും തമ്മിൽ നടത്തുന്ന കരാർ ജീവനുള്ള ഒരു കുഞ്ഞിനെക്കുറിച്ചാണ്. ഇത് 'ബാത്വിലാ'യ കരാറാണ്. കാരണം ഒരു സ്വതന്ത്ര വ്യക്തിയെ വിൽക്കുന്ന കരാർ നിയമവിരുദ്ധമാണ്. വിവാഹേതര ലൈംഗികതയുടെ അംശം അതിൽ അടങ്ങിയിട്ടുമുണ്ട്.

4. ഇസ്‌ലാമിൽ മാതൃത്വവും പിതൃത്വവും കുട്ടിയുടെ അവകാശമാണ്. ഇവിടെയാകട്ടെ മാതൃത്വം സംശയാസ്പദമാണ്. അണ്ഡത്തിന്റെ ഉടമയാണോ, പ്രസവിച്ച സ്ത്രീയാണോ യഥാർഥ മാതാവ് എന്ന സംശയം കുഞ്ഞിന്റെ ഈ അവകാശത്തെ നിഷേധിക്കുന്നു. ഇരു മാതാക്കൾക്കുമിടയിലെ പിടിവലി കുഞ്ഞിനെ മാനസികമായും വൈകാരികമായും ദോഷകരമായി ബാധിക്കും. "അവരെ പ്രസവിച്ചവർ മാത്രമാകുന്നു അവരുടെ മാതാക്കൾ" (*അൽ മുജാദില* 2). അതിനാൽ പ്രസവിക്കാത്ത 'അമ്മ'ക്ക് മാതൃത്വാവകാശം നൽകുന്ന കരാർ നിയമവിരുദ്ധമാണ്.

5. ഗർഭാശയം കേവലമായൊരു കച്ചവടവസ്തുവല്ല. കുടുംബബന്ധത്തെ ഗർഭാശയത്തോടാണ് ഇസ്‌ലാം ചേർത്തുനിർത്തുന്നത്. 'വാടകമാതൃത്വം' ഒരു അവിവാഹിതക്ക് പോലും തന്റെ ഗർഭാശയം വിൽക്കുന്നതിന് പ്രേരണ നൽകുന്നു. മഹത്തായ ഒരു മൂല്യത്തിന്റെ അപമാനവീകരണമാണ് ഇവിടെ നടക്കുന്നത്. വിവാഹം, കുടുംബം എന്നീ മൗലികസ്ഥാപനങ്ങളെ തകർത്തെറിയാനും അത് കാരണമാവുന്നു.

6. ഗർഭത്തിന്റെയും പ്രസവത്തിന്റെയും വേദനകളിൽ നിന്ന് 'രക്ഷ'പ്പെടാൻ ശ്രമിക്കുന്ന സ്ത്രീകൾക്ക് ഇത് പ്രോത്സാഹനം നൽകുന്നു. ഇവ രണ്ടിനെയും ഒരു ഭാരമായിട്ടല്ല ഇസ്‌ലാം കാണുന്നത്. മറിച്ച് മഹത്തരമായ അനുഗ്രഹമായും ഉത്തരവാദിത്വവുമായാണ്. ഗർഭാവസ്ഥയിലോ പ്രസവവേളയിലോ ഒരു മാതാവ് മരണപ്പെട്ടാൽ അവൾക്ക് രക്തസാക്ഷിയുടെ പുണ്യമാണ് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നത്.

അതേസമയം, വന്ധ്യത അനുഭവിക്കുന്ന ദമ്പതിമാരുടെ പ്രശ്നങ്ങളെയും പുതിയ സാങ്കേതിക വികാസങ്ങളെയും ഇസ്‌ലാം അവഗണിക്കുകയും നിരാകരിക്കുകയും ചെയ്യുന്നു എന്ന് ഇതിനർഥമില്ല. മക്കളില്ലാത്തവരുടെ വേദന വിശുദ്ധ ഖുർആൻ തന്നെ ചിത്രീകരിക്കുന്നുണ്ട് (*മർയം* 2-7, *അൽ അമ്പിയാഅ്* 89-90, *അദ്ദാരിയാത്ത്* 28-39). ഇസ്‌ലാമിക മൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും അനുഗുണമായ ഏതൊരു ചികിത്സാരീതിയും അനുവദനീയമാണ്. ആധുനിക ജൈവസാങ്കേതികവിദ്യയിൽ തന്നെ ഇത്തരത്തിൽ അനുവദനീയമായ ചികിത്സകൾ ലഭ്യമാണ്. വിവാഹം നിലനിൽക്കുകയും ഭർത്താവ് ജീവിച്ചിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഭർത്താവിന്റെ ബീജവും ഭാര്യയുടെ അണ്ഡവും കൃത്രിമമായി യോജിപ്പിക്കുന്ന രീതികൾ അനുവദനീയമാണ്. അതിലൊന്നാണ് കൃത്രിമ ബീജസങ്കലനം (Artificial Insemination). ഭർത്താവിന്റെ ചലനശേഷി കുറഞ്ഞ ബീജങ്ങളിൽ നിന്ന് താരതമ്യേന മെച്ചപ്പെട്ട ഒന്നിനെ വേർതിരിച്ചെടുക്കുകയും ഭാര്യയുടെ ഗർഭാശയത്തിലേക്ക് കൃത്രിമമായി നിക്ഷേപിക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്. മറ്റൊന്ന് ശരീരത്തിനു പുറത്തുള്ള ബീജസങ്കലനമാണ് (Invitro Fertilization). ഭർത്താവിന്റെ ബീജവും ഭാര്യയുടെ അണ്ഡവും പുറത്തെടുത്ത് കൃത്രിമമായി സംയോജിപ്പിച്ചുണ്ടാക്കുന്ന സിക്താണ്ഡത്തെ വീണ്ടും ഭാര്യയുടെ ഗർഭാശയത്തിലേക്ക് പ്രവേശിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. പക്ഷേ ഇത്തരത്തിലുള്ള എല്ലാ സാങ്കേതിക പ്രക്രിയകളിലും അന്തിമതീരുമാനം അല്ലാഹുവിന്റേത് മാത്രമായിരിക്കുമെന്ന് മറക്കരുത്. "അല്ലാഹു ആകാശഭൂമികളുടെ ആധിപത്യത്തിനുടയവനാകുന്നു. താനിഛിക്കുന്നതെന്തും അവൻ സൃഷ്ടിക്കുന്നു. അവനിഛിക്കുന്നവർക്ക് പെൺമക്കളെ സമ്മാനിക്കുന്നു. അവനിഛിക്കുന്നവർക്ക് ആൺമക്കളെ സമ്മാനിക്കുന്നു. അവനുദ്ദേശിക്കുന്നവർക്ക് പെൺകുട്ടികളെയും ആൺകുട്ടികളെയും ഒന്നിച്ചുകൊടുക്കുന്നു. അവനിഛിക്കുന്നവരെ വന്ധ്യരാക്കുന്നു. അവൻ ഒക്കെയും അറിയുന്നവനും എന്തിനും കഴിവുള്ളവനുമല്ലോ" (*അശ്ശൂറാ* 49,50).

ഇത്തരം കൃത്രിമ രീതികൾ പരാജയപ്പെടുകയാണെങ്കിൽ പിന്നീട് രണ്ട് മാർഗങ്ങളാണുള്ളത്. വന്ധ്യതയുടെ കാരണം ഭാര്യക്കാണെങ്കിൽ ഭർത്താവിന് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കാവുന്നതാണ്. എന്നാൽ ദമ്പതിമാർക്കിടയിലെ ആത്മബന്ധം ബഹുഭാര്യത്വത്തിന് തടസ്സമാണെങ്കിൽ ഒരു കുട്ടിയെ -യത്തീമെങ്കിൽ കൂടുതൽ നന്ന്- അവർക്ക് ദത്തെടുക്കാവുന്നതാണ്.

ഇസ്‌ലാമിന്റെ നിലപാടുകൾ വ്യക്തമാണ്. സദാചാരവും മൂല്യങ്ങളും ശാശ്വതമാണ്. കാലത്തിനനുസരിച്ച് മാറേണ്ടവയല്ല അവ. കാരണം അവ ദൈവപ്രോക്തങ്ങളാണ്. ഇഹലോകജീവിതം പരീക്ഷണമായതിനാൽ അല്ലാഹുവിൽ ഭരമേൽപിക്കുകയും അവന്റെ പരിധികൾക്കകത്തുനിന്ന് പരമാവധി സാധ്യതകൾ തേടുകയുമാണ് വേണ്ടത്. ഭൗതികതയുടെ മൂല്യബോധങ്ങളിൽ വളർന്നുവരുന്ന സാങ്കേതികവിദ്യകളെ കരുതലോടെ മാത്രം സമീപിക്കുന്നത് ഇസ്‌ലാമിന്റെ പരിമിതിയല്ല; അതിന്റെ ശാശ്വതികത്വത്തെയാണത് സൂചിപ്പിക്കുന്നത്. മാനവികമൂല്യങ്ങളെ തന്നെ അടിയോടെ പിഴുതുമാറ്റുന്ന പുത്തൻ പ്രവണതകളെ ചെറുക്കേണ്ട ബാധ്യത വിശ്വാസികൾക്കുണ്ട്. അല്ലാത്തപക്ഷം വിലകൊടുക്കേണ്ടിവരിക നമ്മെത്തന്നെയായിരിക്കും.■

**ഭൗതികതയുടെ മൂല്യബോധങ്ങളിൽ വളർന്നുവരുന്ന സാങ്കേതികവിദ്യകളെ കരുതലോടെ മാത്രം സമീപിക്കുന്നത് ഇസ്‌ലാമിന്റെ പരിമിതിയല്ല; അതിന്റെ ശാശ്വതികത്വത്തെയാണത് സൂചിപ്പിക്കുന്നത്. മാനവികമൂല്യങ്ങളെ തന്നെ അടിയോടെ പിഴുതുമാറ്റുന്ന പുത്തൻ പ്രവണതകളെ ചെറുക്കേണ്ട ബാധ്യത വിശ്വാസികൾക്കുണ്ട്. അല്ലാത്തപക്ഷം വിലകൊടുക്കേണ്ടിവരിക നമ്മെത്തന്നെയായിരിക്കും.**